# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.613 — 29.05.2019-ൽ മറുപടിയ്ക്ക്

## മാവൂരിൽ പരിസ്ഥിതി സാമൂഹ്യ വ്യവസായം

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കോഴിക്കോട് മാവൂരിൽ പരിസ്ഥിതി സാമൂഹ്യ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | എ) | കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമിയിൽ പരിസ്ഥിതി സാമൂഹ്യ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല |
| ബി) | ഗ്വാളിയർ റയോൺസ് കമ്പനിയുടെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | ബി) & സി) | ഇൻഡസ്ട്രീസ് (ജി) വകുപ്പിന്റെ 10.10.17 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 97/2017/ഐ.ഡി പ്രകാരം കമ്പനിയുടെ കൈവശമുള്ള 238.41 ഏക്കർ ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇന്ഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത് .ടി സർക്കാർ ഉത്തരവിനെതിരെ ഗ്രാസിം ഇൻഡസ്ട്രീസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C) 33103/2017 ആയി റിട്ട് ഹരജി ബോധിപ്പിക്കുകയും ആയത് പ്രകാരം 97/2017 നമ്പർ സർക്കാർ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല .നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ് . |
| സി) | ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോയെന്നും എങ്കിൽ ഇക്കാര്യത്തിൽ കോടതി എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ